**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6406** **10-07-2024 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ പോരായ്മകൾ പരിഹരിക്കുന്നത് സംബന്ധിച്ച സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ പോരായ്മകൾ പരിഹരിക്കുന്നത് സംബന്ധിച്ച സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന് ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഡി.പി.ആർ. സമർപ്പിച്ചത് എന്നാണെന്നും പദ്ധതി എത്ര കോടി രൂപയുടേതാണെന്നും അറിയിക്കുമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ 16/02/2024-ലെ ബി1/68/2024-മത്സ്യ നമ്പർ കത്ത് പ്രകാരം 164 കോടി രൂപയുടെ ഡി.പി.ആർ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതത്തോടെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിന്മേൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പദ്ധതി രൂപരേഖ 14/03/2024-ൽ നടന്ന കേന്ദ്ര സർക്കാരിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റിയിൽ അവതരിപ്പിച്ചു. പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിലെ സാങ്കേതിക സമിതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ പ്രകാരം പുലിമുട്ടുകളുടെ സെക്ഷൻ തീരുമാനിക്കുന്നതിനായി flume study നടത്തുന്നതിനായി CWPRS പൂനയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം "Smart & Green Harbour" ആയി മാറ്റുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ “Road to Blue Port” മാനദണ്ഡ പ്രകാരമുള്ള ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി സമർപ്പിക്കാൻ 03/06/2024 -ൽ Central Institute of Coastal Engineering for Fishery (CICEF) ൽ നടന്ന യോഗത്തിൽ നിർദ്ദേശിച്ചതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലുള്ള തുടർനടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ